പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2929 **29-10-2026-ൽ മറുപടിയ്ക്ക്**

നാട്ടിക ടോൾ പ്ലാസയിൽ ടോൾ പിരിവ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എൻ. കെ. അക്ബർ ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) ദേശീയപാത 66-ൽ നാട്ടിക ടോൾ പ്ലാസയിൽ ടോൾ പിരിക്കുന്നതിന് സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

മറുപടി: 31.07.2026 തീയതിയിലെ S.O. 4260(E) പ്രകാരം ഇന്ത്യ ഗവൺമെന്റ് പുറപ്പെടുവിച്ച ഗസറ്റ് വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലാണ് നാട്ടിക ടോൾപ്ളാസയിൽ യൂസർ ഫീ പിരിവ് നടത്തുന്നത്. ഇതിനായി സംസ്ഥാന സർക്കാരിന്റെ പ്രത്യേക അനുമതി ആവശ്യമില്ല.

(ബി) ദേശീയപാത 66-ൽ ഫൂട്ട് ഓവർ ബ്രിഡ്ജ്, അപ്രോച്ച് റോഡുകൾ, പാലങ്ങൾ എന്നിവയുടെ നിർമ്മാണം പൂർത്തീകരിക്കപ്പെട്ടിട്ടില്ലയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ദേശീയപാതകളുടെ നിർമ്മാണ പുരോഗതിയെ ബാധിക്കുന്ന വിഷയങ്ങൾ ഉചിത തലത്തിൽ ബന്ധപ്പെട്ട എല്ലാ സ്റ്റേക്ക് ഹോൾഡേഴ്സുമായി അവലോകന യോഗങ്ങൾ ചേർന്ന് പരിഹരിച്ചു വരുന്നുണ്ട്. സംസ്ഥാനത്തെ ദേശീയപാത നിർമ്മാണ പ്രവർത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനായി വകുപ്പ് മന്ത്രി 16/06/2026 ലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി 15/07/2026 ലും അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. ഓരോ നടപ്പാലങ്ങളുടെയും, അപ്രോച്ച് റോഡുകളുടെയും, പാലങ്ങളുടെയും സ്ഥിതിഗതികൾ ദേശീയപാത അതോറിറ്റിയുടെ കീഴിൽ ബന്ധപ്പെട്ട പ്രൊജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റും പ്രൊജക്ട് സൂപ്പർവിഷൻ കൺസൾട്ടന്റുകളും കൃത്യമായി നിരീക്ഷിച്ചു വരുന്നുണ്ട്. ബാക്കിയുള്ള ഓരോ പ്രവർത്തിയും അംഗീകൃത രൂപകൽപ്പനകൾ, കരാർ വ്യവസ്ഥകൾ, ബാധകമായ സുരക്ഷാ മാനദണ്ഡങ്ങൾ എന്നിവയ്ക്ക് അനുസൃതമായി പൂർത്തിയാക്കുന്നതിനായി ബന്ധപ്പെട്ട കരാറുകാരുമായി / കൺസെഷനയർമാരുമായി ചേർന്ന് ദേശീയപാത അതോറിറ്റി നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാർ ദേശീയപാത അതോറിറ്റിയുമായി ബന്ധപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിവരങ്ങൾ ലഭ്യമാക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ